"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്- മൈനിംഗ് &ജിയോളജി - 2015 ലെ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം ശ്രീ.സുലൈമാൻ.എ, ഹൗസ് നം.359, നായ്ക്കൻ കുളമ്പ് ഹൗസ്, വട്ടകത്തറ, എരിമയൂർ, പാലക്കാട് സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.417/2026/ID തീയതി,തിരുവനന്തപുരം, 06-04-2026

---

പരാമർശം:-

1. പാലക്കാട് ജില്ലാ ജിയോളജിസ്റ്റിന്റെ 14/05/2025 ലെ DOPAL-DMC. 08412024-M നമ്പർ ഡിമാന്റ് നോട്ടീസ്
2. 2015 ലെ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം ശ്രീ.സുലൈമാൻ.എ, ഹൗസ് നം.359, നായ്ക്കൻ കുളമ്പ് ഹൗസ്, വട്ടകത്തറ, എരിമയൂർ, പാലക്കാട് സമർപ്പിച്ച അപ്പീൽ ഹർജി

   ശ്രീ. സുലൈമാൻ എ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച WP(C) NO. 27397 OF 2025 ന്റെ 28/7/2025 ലെ വിധിന്യായം
4. ഡയറക്ടർ മൈനിംഗ് &ജിയോളജിയുടെ 12/01/2026 ലെ ഡി.എം.ജി/3308/2025-എം2 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

പാലക്കാട് ജില്ല, ആലത്തൂർ താലൂക്ക്, എരിമയൂർ-1 വില്ലേജ്, എരിമയൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ മാരാക്കാവ് പ്രദേശത്ത് പ്രവർത്തിക്കുന്ന ഫാക്ടം ഗ്രാനൈറ്റ്സ് എന്ന ക്രഷർ യൂണിറ്റും ക്വാറിയും പഞ്ചായത്തിന്റെയോ മറ്റ് ബന്ധപ്പെട്ട വകുപ്പുകളുടെയോ അനുമതിയോ ലൈസൻസോ ഇല്ലാതെ അനധികൃതമായി പ്രവർത്തിക്കുന്നതായും അനധികൃത ഖനനം പ്രദേശത്ത് അപകടാവസ്ഥ സൃഷ്ടിക്കുന്നതായും പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ക്വാറിക്ക് നിറുത്തൽ ഉത്തരവ് നൽകുകയും നിയമാനുസൃതമല്ലാതെ പ്രവർത്തിക്കുന്ന ടി സ്ഥാപനം നിയമാനുസൃതമായ അനുമതികൾ ലഭിക്കുന്നതുവരെ നിറുത്തിവെക്കുന്നതിനും നിറുത്തൽ ഉത്തരവ് നൽകിയിട്ടും പ്രസ്തുത ക്വാറി പ്രവർത്തിക്കുന്നതായും ടി സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കണമെന്നുമുള്ള എരിമയൂർ പഞ്ചായത്ത് സെക്രട്ടറിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലാ ജിയോളജി ഓഫീസിൽ നിന്നും നടത്തിയ സ്ഥലപരിശോധനയിൽ ആകെ 78225 മെ.ടൺ കരിങ്കല്ല് ഖനനം ചെയ്ത് നീക്കിയതായി കണ്ടെത്തിയതിനെ തുടർന്ന് റോയൽറ്റി ഇനത്തിൽ 3756240/- രൂപയും വിലയിനത്തിൽ 1,50,24,960/- രൂപയും, കോംപൗണ്ടിംഗ് ഫീസിനത്തിൽ 5,00,000/- രൂപയും ഉൾപ്പെടെ ആകെ 1,92,81,200/- രൂപ സർക്കാരിലേയ്ക്ക് ഒടുക്കുന്നതിനും അല്ലാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ച് പാലക്കാട് ജിയോളജിസ്റ്റ് പരാമർശം (1) നൽകിയ ഡിമാന്റ് നോട്ടീസിനെതിരെ ശ്രീ.സുലൈമാൻ.എ, ഹൗസ് നം.359, നായ്ക്കൻ കുളമ്പ് ഹൗസ്, വട്ടകത്തറ, എരിമയൂർ,

പാലക്കാട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജിയുടെയും അപ്പീൽ വിഷയവുമായി ബന്ധപ്പെട്ട് അപ്പീൽ കക്ഷി ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത പരാമർശം (3) വിധിന്യായത്തിനെറയും അടിസ്ഥാനത്തിൽ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി 31/12/2025 ന് നേരിൽ കേൾക്കുവാൻ തീരുമാനിച്ചു.

2) അപ്പീൽ കക്ഷിക്ക് വേണ്ടി അഡ്വക്കേറ്റും പാലക്കാട് ജില്ലാ ജിയോളജിസ്റ്റും, ഡെപ്യൂട്ടി ഡയറക്ടർ മൈനിംഗ് & ജിയോളജിയും ഹിയറിംഗിൽ പങ്കെടുത്തു.

3) അപ്പീൽ കക്ഷിക്ക് വേണ്ടി ഹാജരായ അഡ്വക്കേറ്റ് ചുവടെ ചേർക്കും പ്രകാരം വാദിച്ചു.

അപ്പീൽ കക്ഷി ഡിമാൻറ് നോട്ടീസിൽ പറഞ്ഞിരിക്കുന്ന അത്രയും അളവ് ധാതു ഖനനം നടത്തിയിട്ടില്ലെന്നും അനധികൃത ഖനനം നടത്തി യെന്നാരോപിച്ച് ഭീമമായ ഒരു തുകയാണ് ചുമത്തിയിരിക്കുന്നതെന്നും കക്ഷി ഒരു ക്വാറിക്കാരനല്ലെന്നും അതിനാൽ ഡിമാൻറ് നോട്ടീസിൽ പറഞ്ഞിരിക്കുന്ന തുകയിൽ ഇളവു വരുത്തി ടി തുക 12 ഗഡുക്കളായി ഒടുക്കുന്നതിന് അനുമതി നല്കണമെന്നും ആവശ്യപ്പെട്ടു.

4). അപ്പീൽ ഹർജിയിന്മേൽ ഡി.എം.ജി ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് നല്കി.

എരിമയൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ മാരാക്കാവ് പ്രദേശത്ത് പ്രവർത്തിക്കുന്ന ഫാക്കും ഗ്രാനൈറ്റ്സ് എന്ന ക്രഷർ യൂണിറ്റും ക്വാറിയും പഞ്ചായത്തിന്റെയോ മറ്റ് ബന്ധപ്പെട്ട വകുപ്പുകളുടെയോ അനുമതിയോ ലൈസൻസോ ഇല്ലാതെ അനധികൃതമായി പ്രവർത്തിക്കുന്നതായും ടി അനധികൃത ഖനനം പ്രദേശത്ത് അപകടാവസ്ഥ സൃഷ്ടിക്കുന്നതായും പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ക്വാറിക്ക് നിറുത്തൽ ഉത്തരവ് നല്കിയിട്ടുളളതാണെന്നും നിമാനുസൃതമല്ലാതെ പ്രവർത്തിക്കുന്ന ടി സ്ഥാപനം നിയമാനുസൃതമായ അനുമതികൾ ലഭിക്കുന്നതു വരെ നിറുത്തി വെയ്ക്കുന്നതിന് ഉത്തരവ് നല്കിയതാണെന്നും എന്നാൽ നിറുത്തൽ ഉത്തരവ് നല്കിയിട്ടും പ്രസ്തുത ക്വാറി പ്രവർത്തിക്കുന്നതായും ആകയാൽ ടി സ്ഥാപനത്തിനെതിരെ നിയമനടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിച്ചുകൊണ്ട് 12/08/2024 തീയതിയിൽ എരിമയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബി2/100/24 നമ്പർ കത്ത് പ്രകാരം പാലക്കാട് ജില്ലാ ഓഫീസിനെ അറിയിച്ചിട്ടുള്ളതാണ്. ടി കത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ ഓഫീസിൽ നിന്നും പ്രസ്തുത സ്ഥലം 13/08/2024 തീയതിയിൽ പരിശോധിക്കുകയും, പരിശോധനയിൽ പാലക്കാട് ജില്ല, ആലത്തൂർ താലൂക്ക്, എരിമയൂർ-1 വില്ലേജ്, റീ സർവ്വേ നം. 29/2, 29/3,29/4-ൽപ്പെട്ട ശ്രീ. സുലൈമാൻ എന്നിവരുടെ കൂട്ടായ കൈവശത്തിലുള്ള സ്ഥലത്ത് നിന്നും അനധികൃതമായി കരിങ്കല്ല് ഖനന പ്രവർത്തനങ്ങൾ നടത്തുന്നതായി ബോധ്യപ്പെട്ടിട്ടുള്ളതാണ്. ആയതിന് 14/08/2024 തീയതിയിൽ ഡി.ഒപിഎഎൽ-ഡിഎം.ജി/1084/2023-എം നമ്പറായി ശ്രീ. സുലൈമാൻ എ S/o അബ്ദുൾ റഹ്മാൻ, ഹൗസ് നമ്പർ 359, നായ്ക്കൻ കളമ്പ് ഹൗസ്, വടകത്തറ, എരിമയൂർ, പാലക്കാട് എന്നവർക്ക് കാരണം കാണിക്കൽ നോട്ടീസ് നല്കിയിട്ടുള്ളതാണ് . ടി നോട്ടീസിന് 14/05/2024 തീയതിയിൽ ശ്രീ. സുലൈമാൻ സമർപ്പിച്ച മറുപടിയിൽ കൂട്ടായ കൈവശത്തിൽപ്പെട്ട സ്ഥലത്ത് കണ്ണേത്തേ് വീട്ടിൽ ശ്രീമാൻ മകൻ ജോയ് കെ.ശ്രീമാൻ, എറണാകുളം ജില്ല, കുന്നത്ത് നാട് താലൂക്ക്, തിരുവാണിയൂർ, പി.ഒ., എന്നിവർക്ക് സ്ഥലം കൈവശാവകാശം നല്കുകയും, ശ്രീ. ജോയ് എന്നിവർ പ്രസ്തുത സ്ഥലത്ത് ഖനനം നടത്തുകയും ചെയ്തിട്ടുള്ളതും ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം ശ്രീ. ജോയ്.കെ ശ്രീമാന് മാത്രമാണെന്നും ഇതിന്മേലുള്ള തുടർ നടപടികളും സർക്കാരിൽ നിന്നോ മറ്റു ഡിപ്പാർട്ട്മെന്റുകളിൽ നിന്നോ വല്ല നിയമ ലംഘനങ്ങൾ കണ്ടെത്തിയാൽ ഉണ്ടാകുന്ന പിഴയും നടപടികൾക്കും ഉത്തരവാദി ശ്രീ. ജോയ് മാത്രമാണെന്നും

ആയത് ശ്രീ. ജോയ് എന്നിവർ സമ്മതിച്ചിരിക്കുന്നുവെന്നും, ഇനി ഖനനം നടത്തില്ലെന്നും പരാമർശിച്ചിട്ടുണ്ട്. എരിമയൂർ-1 വില്ലേജിൽ മാരാക്കാവ് എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന ഫാക്ടം ഗ്രാനൈറ്റ്സ് എന്ന ക്വാറി പഞ്ചായത്ത് ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്നും ക്വാറിക്കെതിരെ നിയമ നടപടികൾ സ്വീകരിക്കണമെന്നും എരിമയൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അനധികൃത ഖനനം കണ്ടെത്തിയതായും വില്ലേജ് ഓഫീസർ സ്റ്റോപ്പ് മെമ്മോ നല്കിയതായും കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം നിയമ നടപടികൾ സ്വീകരിക്കണമെന്നും അറിയിച്ച് 17/08/2024 തീയതിയിൽ ജില്ലാ കളക്ടർ, പാലക്കാടിൽ നിന്നും DCPKD/10655/2024-LRG.5 നമ്പർ കത്ത് പാലക്കാട് ആഫീസിൽ ലഭിച്ചിട്ടുള്ളതുമാണ്. ടി സാഹചര്യത്തിൽ പാലക്കാട് ജില്ല, ആലത്തൂർ താലൂക്ക്, എരിമയൂർ-1, വില്ലേജ്, റീ സർവ്വേ നം.29/2, 29/3,29/4 ൽ പ്പെട്ട ശ്രീ. സുലൈമാൻ എന്നിവരുടെ കൂട്ടായ കൈവശത്തിലുള്ള സ്ഥലത്ത് നിന്നും അനധികൃതമായി കരിങ്കല്ല് ഖനന പ്രവർത്തനങ്ങൾ നടത്തുന്നതായി 13/08/2024 തീയതിയിൽ ജില്ലാ ആഫീസിന്റെ പരിശോധനയിൽ കണ്ടെത്തിയ 41,400 മെട്രിക് ടൺ കരിങ്കല്ലിന്റെ റോയൽറ്റി, വില, കോമ്പൗണ്ടിംഗ് ഫീ എന്നിവ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം സർക്കാരിലേയ്ക്ക് ഈടാക്കുന്നതിനായി 41,400 മെട്രിക് ടൺ കരിങ്കല്ലിന്റെ റോയൽറ്റിയും വിലയുമായി 99,36,000/- രൂപയും കോമ്പൗണ്ടിംഗ് ഫീ ഇനത്തിൽ 5,00,000/- രൂപയും ചേർത്ത് ആകെ 1,04,36,000/- രൂപ (ഒരു കോടി നാല് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) അടയ്ക്കുന്നതിന് ശ്രീ. സുലൈമാൻ എന്നിവർക്ക് 05/09/2024 തീയതിയിൽ ഡിഒപിഎഎൽ-ഡിഎംജി/1084/2024 എം നമ്പറായി ജില്ലാ ഓഫീസിൽ നിന്നും ഡിമാന്റ് നോട്ടീസ് നല്കിയിട്ടുള്ളതാണ് . ടി ഡിമാന്റ് നോട്ടീസിന് ശ്രീ. സുലൈമാൻ എന്നവർ 13/09/2024 തീയതിയിൽ സമർപ്പിച്ച വിശദീകരണത്തിൽ പിഴ തുക അടയ്ക്കുവാൻ തയ്യാറാണെന്നും മേലിൽ ഇത്തരം നടപടികൾ ചെയ്യുകയില്ല എന്നും ഫാക്ടം ഗ്രാനൈറ്റ്സിന്റെ ഉടമസ്ഥയിലുള്ള ക്രഷറിലേക്കുള്ള വഴി കെട്ടി അടച്ചിട്ടുള്ളതാണ് എന്നും തുടർ നടപടികളൊന്നും ഉണ്ടാവരുതെന്നും കൂടാതെ ഡിമാന്റ് തുക തവണകളായി ഒടുക്കുന്നതിന് അനുമതി നല്കണമെന്നും അപേക്ഷിച്ചിട്ടുള്ളതാണ്. അപേക്ഷയോടൊപ്പം ക്രഷർ ഉടമയായ ശ്രീ. സജി. കെ ഏലിയാസ്, ശ്രീ. ജോയ് കെ.എസ് എന്നിവരുടെ 200/- രൂപ മുദ്രപത്രത്തിലുള്ള നോട്ടറി സാക്ഷ്യപ്പെടുത്തിയ സമ്മതപത്രവും ഹാജരാക്കിയിരുന്നു. സമ്മതപത്രത്തിൽ ക്രഷറിന്റെ പുറകവശത്തുള്ള സ്ഥലത്ത് നിന്ന് പാലക്കാട് ജില്ല, ആലത്തൂർ താലൂക്ക്, എരിമയൂർ-1, വില്ലേജ് സർവ്വേ നം.29/2ര,29/3, 29/9 ൽ പ്പെട്ട സ്ഥലത്ത് സ്ഥലമുടമയുടെ അറിവും സമ്മതവും പ്രകാരവും ടി കമ്പനിയുടെ ഡയറക്ടറായ കെ.എസ്.ജോയ് കണ്ണേത്ത് പുത്തൻ കുരിശ് എന്നവർ അനധികൃതമായി കരിങ്കല്ല് ഖനനം ചെയ്ത് കമ്പനിയുടെ ഉടമസ്ഥതയിലുള്ള ക്രഷറിൽ ഉപയോഗിച്ചിട്ടുള്ളതാണെന്നും, ജില്ലാ ഓഫീസ് പറയുന്ന പിഴ അടക്കാൻ സമ്മതമാണെന്നും, ടി സ്ഥലത്ത് നിന്നും ക്രഷറിലേക്കുള്ള വഴി കെട്ടി അടച്ചിട്ടുള്ളതാണെന്നും മേലിൽ ഇത്തരം പ്രവർത്തികൾ ചെയ്യുകയില്ല എന്നും ജില്ലാ ഓഫീസിന്റെ നിർദ്ദേശമനുസരിച്ച മാത്രം പ്രവർത്തിച്ചു കൊള്ളാം എന്നും സാക്ഷ്യപ്പെടുത്തുന്നു എന്ന് പരാമർശിച്ചിട്ടുണ്ട്. 05/09/2024 തീയതിയിൽ ഡി.ഒപിഎഎൽ-ഡിഎജി/1084/2024-എം നമ്പറായി നല്കിയ ഡിമാന്റ് നോട്ടീസിനെതിരെയാണ് ശ്രീ. സുലൈമാൻ എന്നവർ അപ്പീൽ പെറ്റീഷൻ സമർപ്പിച്ചിരിക്കുന്നത്. ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക 06 തുല്യ ഗഡുക്കളായി സർക്കാരിലേയ്ക്ക് ഒടുക്കുന്നതിന് കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം-115 പ്രകാരം അനുമതി നല്കുന്നതലേക്കായി പരിഗണിക്കാവുന്നതാണ് എന്നുള്ള റിപ്പോർട്ട് 22/02/2025 തീയതിയിൽ ഡിഎംജി/3648/2024/എം2 നമ്പരായി സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതാണ്.

തുടർന്നും ടി സ്ഥലത്ത് അനധികൃത ഖനനം നടക്കുന്നതായി വിവരം ലഭിച്ചതിന്റെ പശ്ചാത്തലത്തിൽ മൈനിംഗ് & ജിയോളജി വകുപ്പ്, ജില്ലാ സ്ക്വാഡ് പ്രസ്തുത സ്ഥലം 17/01/2025 തീയതിയിൽ പരിശോധന നടത്തുകയും പ്രസ്തുത സ്ഥലത്ത് അനധികൃത ഖനനം നടത്തുന്നതായി കാണപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നേരത്തെ അനധികൃതമായി ഖനനം ചെയ്ത് നീക്കം ചെയ്ത കരിങ്കല്ലിന്റെ അളവായ 41,400 മെട്രിക് ടണ്ണിനോടൊപ്പം പുതിയതായി അനധികൃതമായി ഖനനം ചെയ്ത് നീക്കം ചെയ്ത കരിങ്കല്ലിന്റെ അളവായ 36,865 മെട്രിക് ടൺ ഉൾപ്പടെ ആകെ 78,255 മെട്രിക് ടൺ കരിങ്കല്ലിന്റെ റോയൽറ്റി ഇനത്തിൽ 37,56,240 രൂപയും വിലയിനത്തിൽ 1,50,24,960/- രൂപയും കോമ്പൗണ്ടിംഗ് ഫീ ഇനത്തിൽ 5,00,000/- രൂപയും ഉൾപ്പടെ ആകെ 1,92,81,200/- രൂപ സർക്കാരിലേയ്ക്ക് ഒടുക്കണമെന്നറിയിച്ച് 14/05/2025 തീയതിയിൽ ഡിമാന്റ് നോട്ടീസ് ജില്ലാ ഓഫീസിൽ നിന്നും ശ്രീ. സുലൈമാൻ എന്നവർക്ക് നല്കിയിട്ടുള്ളതാണ്. നാളിതുവരെ പ്രസ്തുത തുക ശ്രീ. സുലൈമാൻ സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ലാത്തതുമാണ്. അപ്പീൽ കക്ഷി തുടർച്ചയായി നിയമ ലംഘനം നടത്തി അനധികൃത ഖനനത്തിലേർപ്പെടുന്നതായി ജില്ലാ ഓഫീസിന്റെ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ അപ്പീൽ തള്ളിക്കളഞ്ഞ് ഡിമാന്റ് തുക ഈടാക്കേണ്ടതാണ് എന്നും റിപ്പോർട്ട് ചെയ്തു.

5). അപ്പീൽ കക്ഷിയുടെ വാദത്തിന്റെയും ഡി.എം.ജിയുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചു. ജില്ലാ ഓഫീസിൽ നിന്നും നടത്തിയ പരിശോധനയിൽ കക്ഷി തുടർച്ചയായി നിയമ ലംഘനം നടത്തി അനധികൃത ഖനനം നടത്തുന്നുവെന്നും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നല്കിയ നിറുത്തൽ ഉത്തരവ് നില നിൽക്കെ തന്നെ അനധികൃത ഖനനം നടത്തുന്നുവെന്നും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. അതിനാൽ അപ്പീൽ കക്ഷിയുടെ വാദങ്ങളിൽ കഴമ്പില്ല. ഈ സാഹചര്യത്തിൽ 14/05/2025 ൽ ജില്ലാ ജിയോളജിസ്റ്റ് നല്കിയ ഡിമാന്റ് നോട്ടീസ് നിലനിറുത്തികൊണ്ടും, എന്നാൽ ഡിമാന്റ് തുക 12 തവണകളായി ഒടുക്കുന്നതിന് അനുമതി നല്കണമെന്ന ആവശ്യം പരിഗണിച്ച് പ്രസ്തുത നോട്ടീസ് പ്രകാരമുള്ള തുക പലിശ സഹിതം തുടർച്ചയായ ആറ് തുല്യ ഗഡുക്കളായി ഒടുക്കുന്നതിന്, ഇതിൽ എതെങ്കിലും തവണ ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ ബാക്കി തുക ഒരുമിച്ച് ഒടുക്കേണ്ടി വരുമെന്ന വ്യവസ്ഥയിൽ അനുമതി നൽകിയും ശ്രീ.സുലൈമാൻ.എ, ഹൗസ് നം.359, നായ്ക്കൻ കുളമ്പ് ഹൗസ്, വട്ടകത്തറ, എരിമയൂർ, പാലക്കാട് സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കിയും അപ്രകാരം WP(C) NO. 27397/2025 ന്റെ 28/7/2025 ലെ വിധിന്യായം നടപ്പിലാക്കിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

ശ്രീ.സുലൈമാൻ.എ, ഹൗസ് നം.359, നായ്ക്കൻ കുളമ്പ് ഹൗസ്, വട്ടകത്തറ, എരിമയൂർ, പാലക്കാട്

അഡ്വക്കേറ്റ് ജനറൽ,എറണാകുളം(കവറിംഗ് കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം

ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം

ജില്ലാ ജിയോളജിസ്റ്റ്,പാലക്കാട്

വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 07-04-2026 10:43:34